ഭരണഭാഷ - മാതൃഭാഷ

നം. ഇ 1/21739/2016/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം - 33
തീയതി: 04.08.2018
ഫോൺ: 0471-2303107

# സർക്കുലർ

വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം - നിയമനത്തിനായി ഒഴിവ് റിപ്പോർട്ട് ചെയ്യൽ, നിയമനം / പ്രൊമോഷൻ എന്നിവയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവ - സംബന്ധിച്ച്.

സൂചന: ഈ കാര്യാലയത്തിൽ നിന്നുള്ള 15.10.2016 ലെ സർക്കുലർ നമ്പർ ഇ1/21739/16/കോ.വി.വ.

*****

കേരളത്തിലെ വിവിധ എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ഒഴിവുകൾ നിയമനത്തിനായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഈ കാര്യാലയത്തിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുമ്പോൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവികൾ വേണ്ടത്ര പരിശോധന കൂടാതെ മേലൊപ്പ് വയ്ക്കുന്നതായി ശ്രദ്ധയിൽ പെടുന്നു. കൂടാതെ വിവിധ എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർ സൂചന സർക്കുലറിനനുസൃതമായി അനദ്ധ്യപക ജീവനക്കാരുടെ നിയമന/സ്ഥാനകയറ്റ അംഗീകാര പ്രൊപ്പോസലുകൾ സമർപ്പിക്കുന്നില്ല. ഈ സാഹചര്യം ഒഴിവുകൾ റിപ്പോർട്ട് ചെയ്യൽ, നിയമന/സ്ഥാനകയറ്റാംഗീകാരം എന്നീ ഫയലുകളിൽ നടപടി സ്വീകരിക്കുന്നതിനും തീർപ്പാക്കുന്നതിനും അകാരണമായ കാലതാമസം ഉണ്ടാക്കുന്നു. ഇപ്രകാരം ഫയൽ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും ഈ കാര്യാലയത്തിന്റെ സുഗമമായ പ്രവർത്തനത്തിനും ചുവടെ ചേർക്കുന്ന കാര്യങ്ങൾ കോളേജ് വിദ്യാഭ്യാസ ഉപമേധാവികളും എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരും മാനേജർമാരും കർശനമായി പാലിക്കേണ്ടതാകുന്നു.

1. എയ്ഡഡ് കോളേജ് അനദ്ധ്യാപക ജീവനക്കാർക്കുള്ള വിവിധ സർക്കുലറുകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ "എയ്ഡഡ് കോളേജുകൾ - ഉത്തരവുകൾ & സർക്കുലറുകൾ" എന്ന ലിങ്കിൽ പതിവായി പ്രസിദ്ധീകരിക്കുന്നുണ്ട്. ആയത് വായിക്കേണ്ടതും അതിനനുസൃതമായി പ്രവർത്തിക്കേണ്ടതുമാകുന്നു.
2. എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ ഒഴിവ് കണക്കാക്കുമ്പോൾ ഒഴിവ് നിലവിൽ വന്ന തസ്തിക ഉൾപ്പെടുന്ന ഗ്രൂപ്പിൽ

47237

സൂപ്പർ ന്യൂമററിയായി ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുവെങ്കിൽ ടി സൂപ്പർ ന്യൂമററി ജീവനക്കാരുടെ എണ്ണം ഒഴിവുകളുടെ എണ്ണത്തിൽ നിന്ന് കുറവു ചെയ്യണമെന്ന നിർദ്ദേശം സർക്കാർ ഉത്തരവ് (എം.എസ്)നം.60/16/ഉ.വി.വ തീയതി 29.02.2016-ലെ മൂന്നാം ഖണ്ഡിക x vii ഗ്രൂപ്പ് 7 നു താഴെ ലഭ്യമാണ്. ആയതിനാൽ ഇക്കാര്യം വിവിധ എയ്ഡഡ് കോളേജ് മാനേജർമാർ/ പ്രിൻസിപ്പാൾമാർ അനദ്ധ്യാപക ഒഴിവുകൾ റിപ്പോർട്ടു ചെയ്യുന്നതിന് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ മേലൊപ്പ് വയ്ക്കുന്നതിനുമുമ്പ് എല്ലാ കോളേജ് വിദ്യാഭ്യാസ ഉപമേധാവികളും പരിശോധിച്ചുറപ്പുവരുത്തേണ്ടതാണ്.

3. സർക്കാർ പ്രതിനിധിയെ നിയോഗിച്ചുകൊണ്ടുള്ള സർക്കാർ കത്ത് ലഭ്യമായ ശേഷം ടി സർക്കാർ കത്തിൽ പരാമർശിക്കുന്ന ഒഴിവുകൾക്കു മാത്രം വിജ്ഞാപനം നൽകേണ്ടതാകുന്നു. വിജ്ഞാപനത്തിൽ തസ്തികകൾക്കാവശ്യ മായ സ്റ്റാറ്റ്യൂട്ടു പ്രകാരമുള്ള അടിസ്ഥാന യോഗ്യത നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാകുന്നു.
4. സർക്കാർ ഉത്തരവ് (പി)21/2011/പി&എ.ആർ.ഡി തീയതി 01.07.2011 പ്രകാരമുള്ള യോഗ്യതകൾ യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതിയോടെ ചേർക്കാത്തതിനാൽ സ്റ്റാറ്റ്യൂട്ടുകളിലെ നിലവിലെ അടിസ്ഥാന യോഗ്യതകൾ മാത്രം വിജ്ഞാപനത്തിൽ ഉൾപ്പെടുത്തേണ്ടതും അതിനനുസരണമായി നിയമനം നടത്തേണ്ടതുമാകുന്നു.
5. നിയമനത്തിന് ഉദ്യോഗാർത്ഥികളുടെ പ്രായം വിജ്ഞാപനം നടത്തിയ വർഷത്തിലെ ജനുവരി 1-ാം തീയതി പ്രകാരം കണക്കാക്കേണ്ടതാകുന്നു. ഇപ്രകാരം പ്രായം കണക്കാക്കുമ്പോൾ ഉയർന്ന പ്രായപരിധി 36 വയസ്സ് കവിയാൻ പാടില്ല (വിജ്ഞാപനം നടന്ന വർഷത്തിലെ ജനുവരി 1-ാം തീയതിയിൽ). സംവരണ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധിയിൽ നിയമാനുസൃതമായ ഇളവ് ലഭിക്കുന്നതിന് നിയമനാംഗീകാര പ്രൊപ്പോസലി നോടൊപ്പം ആവശ്യമായ രേഖകൾ ഉൾപ്പെടുത്തേണ്ടതാകുന്നു. ഒ.ബി.സി വിഭാഗക്കാർ നോൺ ക്രിമിലെയർ സമർപ്പിക്കേണ്ടതാകുന്നു.
6. കേരള സംസ്ഥാനത്തെ ഭരണഭാഷ മലയാളമായതിനാൽ ഈ കാര്യാലയത്തിലേക്കുള്ള എല്ലാ കത്തിടപാടുകൾക്കും മലയാള ഭാഷ സ്വീകരിക്കേണ്ടതാകുന്നു.
7. നിയമന/സ്ഥാനകയറ്റ ഉത്തരവുകൾ മലയാള ഭാഷയിൽ പുറപ്പെടുവിക്കേണ്ട താകുന്നു.
8. സൂചന സർക്കുലറിനനുസൃതമായി മാത്രം നിയമന/സ്ഥാനകയറ്റ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാകുന്നു. നിയമന/സ്ഥാനകയറ്റ പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ ജീവനക്കാരന്റെ പേരും മേൽവിലാസവും അടിസ്ഥാന

57238

GOVERNMENT OF KERALA 2017-18

യോഗ്യതയും പ്രൊഫോർമ-1-ൽ മലയാള ഭാഷയിൽ രേഖപ്പെടുത്തേണ്ടതാകുന്നു.

9. നിയമന/സ്ഥാനകയറ്റ ഉത്തരവും നിയമന/സ്ഥാനകയറ്റ തസ്തികയിലെ ശമ്പളവും സംബന്ധിച്ച വിവരങ്ങൾ ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തേണ്ടതുമാകുന്നു. ശേഷം മാത്രം സേവന പുസ്തകം നിയമന/സ്ഥാനകയറ്റാംഗീകാര പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കേണ്ടതാകുന്നു.

10. നിയമനം/സ്ഥാനകയറ്റം നൽകി ഒരാഴ്ചയ്ക്കകം പ്രൊപ്പോസലുകൾ അംഗീകാരത്തിനായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാകുന്നു. ഒരു മാസത്തിൽ കൂടുതൽ കാലതാമസം ഉണ്ടാകുന്ന പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ കാലതാമസം സാധൂകരിക്കുന്നതിനായി വ്യക്തമായ വിശദീകരണം ഉൾപ്പെടുത്തേണ്ടതാകുന്നു.

11. ഏതെങ്കിലും വസ്തുതകളെക്കുറിച്ച് സ്പഷ്ടീകരണം ആരായുമ്പോൾ സംശയത്തിനാധാരമായ സാഹചര്യം വ്യക്തമായി വിശദീകരിക്കേണ്ടതും കത്തിനോടൊപ്പം പരിശോധനയ്ക്കായി അനുബന്ധരേഖകളും (ആവശ്യമെങ്കിൽ സേവന പുസ്തകം) ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഉപമേധാവികളും പ്രിൻസിപ്പാൾമാരും/മാനേജർമാരും ശ്രദ്ധിക്കേണ്ടതാകുന്നു.

12. കേരള പി.എസ്.സി നടത്തുന്ന അറ്റൻഡർ പരീക്ഷ തുടർച്ചയായ അഞ്ച് അവസരങ്ങൾക്കുള്ളിൽ വിജയിക്കാമെന്ന വ്യവസ്ഥയിൽ ലാബ് /ലൈബ്രറി അസിസ്റ്റന്റ് പ്രൊമോഷൻ നേടി എയ്ഡഡ് കോളേജുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരിൽ അഞ്ച് അവസരങ്ങൾ ലഭിച്ചിട്ടും അറ്റൻഡർ പരീക്ഷ വിജയിക്കാത്തവരെ ബന്ധപ്പെട്ട മാനേജർമാർ തരം താഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാകുന്നു. വിരമിച്ച ജീവനക്കാരെ വിരമിച്ച തീയതി പ്രാബല്യത്തിൽ മാനേജർമാർ തരം താഴ്ത്തി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ടി ഉത്തരവിനും 03.10.2017 ലെ നമ്പർ ഡി3/411/2016/ഉ.വി.വ എന്ന സർക്കാർ കത്തിനും വിധേയമായി പ്രിൻസിപ്പാൾമാർ ശമ്പളം പുനർ നിർണ്ണയം നടത്തേണ്ടതും അതിനനുസരണമായി പെൻഷൻ പ്രൊപ്പോസൽ ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഉപമേധാവിയ്ക്ക് സമർപ്പിക്കേണ്ടതാകുന്നു.

13. 12-ൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം തരം താഴ്ത്തപ്പെട്ടതും നിലവിൽ സേവനത്തിൽ തുടരുന്നതുമായ ലാബ്/ലൈബ്രറി അസിസ്റ്റന്റുമാരുടെ ശമ്പളം 03.10.2017 ലെ സർക്കാർ കത്ത് നം.ഡി3/411/2016/ഉ.വി.വയ്ക്ക് വിധേയമായി പ്രിൻസിപ്പാൾമാർ പുനർനിർണ്ണയിക്കേണ്ടതും ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ അംഗീകാരം വാങ്ങേണ്ടതുമാകുന്നു.

14. 12-ൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം തരം താഴ്ത്തപ്പെട്ട ജീവനക്കാർ തരംതാഴ്ത്തലിനെതിരെ കോടതി വിധി സമ്പാദിച്ചിട്ടുണ്ടെങ്കിൽ ടി കോടതി



GOVERNMENT OF KERALA 2017-18

വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനും താത്കാലിക കോടതി ഉത്തരവ് സമ്പാദിച്ചിട്ടുണ്ടെങ്കിൽ ആയത് റദ്ദു ചെയ്യുന്നതിനും ഉള്ള നടപടികൾ ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഉപമേധാവികൾ സ്വീകരിക്കേണ്ടതാകുന്നു.

15. 12-ൽ പ്രസ്താവിച്ചിരിക്കുന്ന പ്രകാരം തരം താഴ്ത്തപ്പെട്ട/തുടർച്ചയായി അഞ്ച് അവസരങ്ങൾ ലഭിച്ചിട്ടും അറ്റൻഡർ ടെസ്റ്റ് പാസാകാത്ത ജീവനക്കാർ വിരമിക്കുമ്പോൾ കോടതി വ്യവഹാരം നടക്കുന്നു എന്ന കാരണത്താൽ പെൻഷൻ തടഞ്ഞുവയ്ക്കുന്നത്/അനുവദിക്കാതിരിക്കുന്നത് കുറ്റകരമായതിനാൽ ഇത്തരക്കാർക്ക് വിരമിച്ചയുടൻതന്നെ താത്കാലിക പെൻഷൻ ബന്ധപ്പെട്ട കോളേജ് വിദ്യാഭ്യാസ ഉപമേധാവികൾ അനുവദിക്കേണ്ടതാകുന്നു. കോടതി വ്യവഹാരം തീർപ്പാക്കുന്ന മുറയ്ക്ക് കോടതി വിധിയ്ക്കനുസരണമായി അർഹമായ പെൻഷൻ അനുവദിക്കാവുന്നതാണ്.

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ
0471-2303107
dd.colledn@kerala.gov.in

വകർപ്പ്:-

1. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്
കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
(മേൽ സർക്കുലറിലെ താങ്കൾക്ക് ബാധകമായ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനും താങ്കളുടെ അധികാര പരിധിയിൽ വരുന്ന എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്ക്/മാനേജർമാർക്ക് ബാധകമായ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് അവർക്ക് നിർദ്ദേശം നൽകുന്നതിനായും)
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇ-മെയിൽ അയയ്ക്കുന്നതിനും)
3. ഇ, എഫ് സെക്ഷനുകൾ
4. കറന്റ് ഫയൽ/സ്റ്റോക്ക് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ഡിജി—06.08.2018